**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2820** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ അനെർട്ട് മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ അനെർട്ട് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അതിനായി മാറ്റി വച്ചിട്ടുള്ള തുക എത്രയാണെന്നും വിശദവിവരം ലഭ്യമാക്കാമോ; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 5 വീടുകളിലായി 13kW ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.<br><br>ഒറ്റപ്പാലം മണ്ഡലത്തിൽ അനെർട്ട് മുഖേന താഴെ പറയുന്ന സർക്കാർ സ്ഥാപനങ്ങളിൽ പവർ പ്ലാന്റ് സ്ഥാപിച്ചു.<br><br>1.ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് - 10kWp ഹൈബ്രിഡ് സോളാർ പവർ പ്ലാന്റ്- തുക 20,27,025/- രൂപ.<br><br>2.അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസ് - 20kWp ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ്- തുക -16,88,500/- രൂപ.<br><br>3.അമ്പലപ്പാറ വെറ്ററിനറി – 3kWp ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ്- തുക 2,97,000/- രൂപ.<br><br>4.അമ്പലപ്പാറ കൃഷി ഭവൻ -3kWp ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ്- തുക 2,97,000/- രൂപ.<br><br>5.GUPS കടമ്പഴിപ്പുറം - 5kWp ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ്- തുക 3,50,000/- രൂപ.<br><br>കർഷകരുടെ കൃഷിയാവശ്യത്തിനു പയോഗിക്കുന്ന പമ്പുകളുടെ സൗരോർജ്ജ വൽക്കരണം നടത്തുന്ന പദ്ധതിയാണ് പി.എം. കുസും. കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ 5 ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടത്തുന്നത്. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ കൃഷിഭവനുകളിൽ നിന്നും പമ്പ് |

| | | | |
|---|---|---|---|
| | | | സൗരോർജ്ജവൽക്കരിക്കുന്നതിനായി അപേക്ഷ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിക്ക് വേണ്ടി പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന തുക 21.73 കോടി രൂപയാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സൗരോർജ്ജം ഉപയോഗിക്കുന്ന എത്ര ഗവൺമെന്റ് ഓഫീസുകൾ ഉണ്ട്; അവ ഏതെല്ലാമെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ഒറ്റപ്പാലം മണ്ഡലത്തിൽ സൗരോർജ്ജം ഉപയോഗിക്കുന്ന 7 ഗവൺമെന്റ് ഓഫീസുകൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1.ബ്ലോക്ക് ഡവലെപ്പ്മെന്റ് ഓഫീസ്, ഒറ്റപ്പാലം. കൺസ്യൂമർ നമ്പർ 1165333040316 (10KW).<br><br>2.അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസ്, കൺസ്യൂമർ നമ്പർ 1165340002822 (20 KW)<br><br>3.പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസ്, ശ്രീകൃഷ്ണപുരം. കൺസ്യൂമർ നമ്പർ 1165242003106 (30 KW)<br><br>4.ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം. കൺസ്യൂമർ നമ്പർ.1165245024426 (10 KW)<br><br>5.വെറ്ററിനറി ഡിസ്പെൻസറി, അമ്പലപ്പാറ. കൺസ്യൂമർ നമ്പർ 1165348002818 (3 KW)<br><br>6.പ്രൈമറി ഹെൽത്ത് സെന്റർ, അമ്പലപ്പാറ. കൺസ്യൂമർ നമ്പർ 1165349002897 (12 KW)<br><br>7.കൃഷിഭവൻ, അമ്പലപ്പാറ. കൺസ്യൂമർ നമ്പർ 1165348013250 (3 KW). |

സെക്ഷൻ ഓഫീസർ